# 'നാടകവും രംഗപാഠവും നവകാലം നവലോകം' പ്രകാശനം ചെയ്തു

**തിരുവനന്തപുരം**

ഡോ. എസ് വി സുധീഷ് സാം രചിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച നാടകവും രംഗപാഠവും നവകാലം നവലോകം എന്ന പുസ്തക പ്രകാശനവും സാംസ്കാരിക സമ്മേളനവും നെല്ലിമൂട് ദേശസ്നേഹി ഗ്രന്ഥശാലയിൽ നടന്നു. സാംസ്കാരിക സമ്മേളനം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻനായർ ഉദ്ഘാടനം ചെയ്തു. നാടകവും രംഗപാഠവും നവകാലം നവലോകം എന്ന പുസ്തകം കെ ആൻസലൻ എംഎൽഎ ഫാ. ക്രിസ്തുദാസ് തോംസണ് നൽകി പ്രകാശനം ചെയ്തു.

ഗ്രന്ഥശാലാ പ്രസിഡന്റ് നെല്ലിമൂട് കെ പ്രഭാകരൻ അധ്യക്ഷനായി. കഴിവൂർ സുരേഷ് പുസ്തകപരിചയം നടത്തി. താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി പി കെ തുളസീധരൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ ശ്രീകല ചിങ്ങോലി, വി ആർ ശിവപ്രകാശ് എന്നിവർ സംസാരിച്ചു. ഡി ജയകുമാർ സ്വാഗതവും ഗ്രന്ഥകാരൻ ഡോ. എസ് വി സുധീഷ് സാം നന്ദിയും പറഞ്ഞു. 50 രൂപയുള്ള പുസ്തകം വില്പനശാലകളിൽ ലഭ്യമാണ്.



**നാടകവും രംഗപാഠവും നവകാലം നവലോകം എന്ന പുസ്തകം കെ ആൻസലൻ എംഎൽഎ ഫാ. ക്രിസ്തുദാസ് തോംസണ് നൽകി പ്രകാശനം ചെയ്യുന്നു**